(സി) അടുത്ത സാമ്പത്തിക വർഷത്തിൽ ഈ സ്കീം ആരംഭിക്കുവാൻ സാധിക്കുമെന്ന് കരുതുന്നു.

തൊടിയൂർ വട്ടക്കായൽ കൃഷി സ്ഥലങ്ങളുടെ വികസനം

794. [1168] ശ്രീ. കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവന നിർമ്മാണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ തൊടിയൂർ വട്ടക്കായൽ കൃഷി സ്ഥലങ്ങളുടെ വികസനം സംബന്ധിച്ച് 8-4-1978-ൽ ഒരു നിവേദനം ഗവൺമെൻറിന് സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള അനന്തര നടപടികൾ എന്തായി എന്നു വ്യക്തമാക്കുമോ;

(സി) അടുത്ത സാമ്പത്തിക വർഷം ഇതിൻെറ പണി തുടങ്ങുമെന്ന് പ്രതീക്ഷിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇറിഗേഷൻ ചീഫ് എഞ്ചിനീയറുമായി ആലോചിച്ച് മേൽപറഞ്ഞ നിവേദനവും അതിൽ പരാമർശിച്ചിരിക്കുന്ന സ്കീമും പരിശോധിച്ചതിൽ ടി സ്കീം സാമ്പത്തികമായി അപ്രായോഗികമാകയാൽ നടപ്പിൽ വരുത്താൻ എളുപ്പമല്ല എന്ന് സർക്കാരിന് ബോദ്ധ്യപ്പെട്ടിരിക്കുന്നു.

(സി) സാദ്ധ്യതയില്ല.

''മണ്ണൊലിപ്പു നിവാരണ പദ്ധതി''

795. [1171] ശ്രീ. ജോർജ് മാത്യു:

ശ്രീ. എം. വി. മാണി:

ശ്രീ. കെ. എ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1978 . 79 സാമ്പത്തിക വർഷം മണ്ണൊലിപ്പു നിവാരണ പദ്ധതി പ്രകാരം ഇന്നു വരെ എന്തു തുക ചെലവായി;

(ബി) ഈ കാലഘട്ടത്തിൽ എത്ര ഹെക്ടർ സ്ഥലത്തു മണ്ണൊലിപ്പു നിവാരണ പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി;

(സി) ഈ സാമ്പത്തിക വർഷം മണ്ണൊലിപ്പു സംരക്ഷണ പദ്ധതി പ്രകാരം എത്ര തൊഴിലവസരങ്ങൾ ഉണ്ടായി;

(ഡി) മണ്ണൊലിപ്പു സംരക്ഷണ പദ്ധതിക്കു ലോക ബാങ്കിൻെറ സഹായം ലഭിച്ചിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ അതു ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1979 ജനുവരി അവസാനം വരെ സംസ്ഥാനത്തിലുള്ള മണ്ണു സംരക്ഷണ പദ്ധതികളായ ''ഏറബിൾ ലാൻഡ്'' പദ്ധതിയിലും സ്പെഷ്യൽ എംപ്ലോയ്മെൻറ് പദ്ധതിയിലുമായി 3704165.80 രൂപ ചെലവായി. കേന്ദ്ര ഉത്തരവാദിത്വമുള്ള പദ്ധതിയായി ''കുന്ത'' മണ്ണു സംരക്ഷണ പദ്ധതിയിൽ 1895239.80 രൂപ ചെലവായി അങ്ങനെ മൊത്തം നടപ്പിലാക്കിയ പദ്ധതികൾക്കായി 55,99,405.60 രൂപ ചെലവായിട്ടുണ്ട്.

(ബി) സംസ്ഥാന പദ്ധതിയിൽ 1000 ഹെക്ടർ സ്ഥലത്തും കേന്ദ്ര ഉത്തരവാദിത്വമുള്ള പദ്ധതിയിൽ 580 ഹെക്ടറും ഉൾപ്പെടെ മൊത്തം 1580 ഹെക്ടർ സ്ഥലത്ത് മണ്ണു സംരക്ഷണ പ്രവർത്തനങ്ങൾ നടത്തപ്പെട്ടു.

(സി) സംസ്ഥാന പദ്ധതികളിൽ 617361 തൊഴിൽ ദിവസങ്ങളും കേന്ദ്ര ഉത്തരവാദിത്വമുള്ള പദ്ധതിയിൽ 315873 ദിവസങ്ങളുൾപ്പെടെ 9,33,234 തൊഴിൽ ദിവസങ്ങൾ ഉപയോഗപ്പെടുത്തുകയുണ്ടായി.

(ഡി) ഇല്ല.

(ഇ) വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

ഇത്തിക്കര ഏലാ സ്കീം

796. [1174] ശ്രീ. ജെ. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം താലൂക്കിൽ ഇത്തിക്കര ഏലാ സ്കീമിന്റെ ഭാഗമായി എന്തെല്ലാം കാര്യങ്ങൾ നടപ്പിലാക്കി;

(ബി) ഇനിയും നടപ്പിലാക്കാനുള്ള കാര്യങ്ങൾ എന്തെല്ലാം;

(സി) അവയെല്ലാം നടപ്പിലാക്കുന്നതിനുള്ള നടപടികൾ വരുന്ന സാമ്പത്തിക വർഷം തന്നെ കൈക്കൊള്ളുമോ?

ഉത്തരം

(എ) ഇത്തിക്കര സ്കീമിന്റെ പരിധിയിൽ വരുന്ന പാടങ്ങൾക്ക് ചുറ്റും സ്ഥിരമായ പുറം ബണ്ടുകൾ കെട്ടി ഈ പ്രദേശത്തെ ഏഴു ബ്ലോക്കുകളായി തിരിച്ച് ആവശ്യമായ ജല നിർഗ്ഗമന സൗകര്യങ്ങൾ ചെയ്തുകൊടുക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.

ഈ ഏഴു ബ്ലോക്കുകളിലായി ഉദ്ദേശിച്ച ജോലിയുടെ അടങ്കൽ തുക 15,28,374 രൂപയിൽ 1,82,230 രൂപ ചെയ്ത പണിയുടെ വാല്യുവേഷൻ അനുസരിച്ച് ചെലവായിട്ടുണ്ട്. ഈ ജോലികൾ തന്നെ 1, 2, 4, 5 എന്നീ ബ്ലോക്കുകളിലേ നടന്നിട്ടുള്ളൂ.

കൂടാതെ ജല നിർഗ്ഗമന പ്രവർത്തനങ്ങൾക്ക് ആവശ്യമായ അഞ്ചു പമ്പു സെറ്റുകൾ കൃഷി വകുപ്പിൽനിന്ന് സൗജന്യമായി ലഭ്യമാക്കുകയും ചെയ്തു.

LIBRARY ARCHIVES KeralaLegislative Assembly